**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള നികുതികൾ ഒടുക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഇത്തരത്തിൽ സ്വീകരിക്കുന്ന ബില്ലുകളുടെ വിശദവിവരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിന്നും CSV ഫോർമാറ്റിൽ ഫയലാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ബിൽ തുക ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഒടുക്കിയതിന്റെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്ഡേറ്റാവുന്നു. |
| (ബി) | കെ-സ്മാർട്ടുമായി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളെ ഇന്റിഗ്രേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കെ-സ്മാർട്ടുമായി ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെ ഇന്റഗ്രേറ്റ് ചെയ്യുന്നതിനെക്കുറിച്ച് നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| (സി) | നിലവിൽ ജനസേവനകേന്ദ്രങ്ങളിൽ കെ.എസ്.ഇ.ബി. ബിൽ തുക അടയ്ക്കുന്ന സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സംവിധാനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കെ.എസ്. ഇ.ബി. ഇലക്ട്രിസിറ്റി അനുബന്ധ യൂട്ടിലിറ്റി ബില്ലുകൾക്കായി പ്രത്യേക വെബ് സൈറ്റുകൾ പ്രാബല്യത്തിൽ വരുത്തിയതിനാൽ ഫ്രണ്ട്സ് മുഖാന്തരം പ്രസ്തുത സേവനം നൽകുന്നത് നിർത്തലാക്കിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ